പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8216 — 17.07.2014 ൽ മറുപടിക്ക്.

ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 19 മുതൽ 30 വരെയുള്ള ശുപാർശകളിലെ നിർദ്ദേശങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി ചർച്ച ചെയ്ത് അതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ നഴ്സ് - രോഗി അനുപാതം, ആശുപത്രിയിൽ നഴ്സുമാർക്ക് ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ശുപാർശകൾ നടപ്പിലാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) നഴ്സ് - രോഗി അനുപാതം സംബന്ധിച്ച വിഷയത്തിൽ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്. നഴ്സുമാർക്ക് ലഭിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന കാര്യം പരാതി ലഭിച്ചാൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് നടപടിയെടുക്കാൻ ചുമതല പ്പെടുത്തിയ മന്ത്രിസഭാ ഉപ സമിതി ഇതിനായി യോഗം ചേർന്നിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഡോ.എസ്.ബലരാമൻ കമ്മിറ്റിയുടെ ശുപാർശകൾ പഠിച്ച് റിപ്പോർട്ട് സമർപ്പി ക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ ദേവസ്വം വകുപ്പ് മന്ത്രി കൺവീനറായി രൂപീകരി ക്കപ്പെട്ട ഉപസമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നിലവിലുള്ള പ്രവേശന സംവരണ നിയമപ്രകാരം ഓരോ ആശുപത്രിയിലും നഴ്സുമാരുടെ തസ്തികയിൽ 20% പുരുഷ നഴ്സുമാർക്കായി നീക്കിവയ്ക്കണമെന്ന ബലരാമൻ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) & (ഇ) | ഡോ.എസ്.ബലരാമൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രസ്തുത ശുപാർശകളിന്മേൽ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പാണ് നടപടികൾ സ്വീകരിക്കേണ്ടത്. |
| (ഇ) | പുരുഷ നഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് നിയമന അവസരം നിഷേധിക്കുന്ന സ്വകാര്യ ആശുപത്രി മാനേജ്മെന്റിന്റെ നടപടികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ആഫീസർ.